"ഭരണഭാഷ മാതൃഭാഷ"

**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടിക്രമം**

വികാസ് ഭവൻ, തിരുവനന്തപുരം

വിഷയം - ഡിഇഎസ് - ജീവനക്കാര്യം - റിസർച്ച് ആഫീസർ തസ്തികയിൽ സ്ഥലംമാറ്റം നൽകിയ ഉത്തരവ് കോടതി വിധിയ്ക്ക് വിധേയമായി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം-
1. ഈ ഓഫീസിലെ 27/06/2019 ലെ ഇബി(1) 444/2019/ഡിഇഎസ് നമ്പർ ഉത്തരവ്
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01/07/209 ലെ OA-1301/2019 നമ്പർ ഇടക്കാല ഉത്തരവ്.
3. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, കോട്ടയം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 02/07/2019 ലെ എ3-2116/19/ഡികെ നമ്പർ കത്ത്.
4. ശ്രീമതി.ഷൈലമ്മ ജോസഫ്, റിസർച്ച് ഓഫീസറുടെ അപേക്ഷ

**ഉത്തരവ് നം. ഇബി (1) 444/2019/ഡിഇഎസ്, തീയതി. 08/07/2019**

പരാമർശം (1) ഉത്തരവ് പ്രകാരം വകുപ്പിന്റെ ഇടുക്കി ജില്ലാ ഓഫീസിലെ റിസർച്ച് ഓഫീസറായിരുന്ന ശ്രീമതി. ഷൈലമ്മ ജോസഫിന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോട്ടയം ജില്ല ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത ഓഫീസിലെ റിസർച്ച് ഓഫീസറായ ശ്രീമതി.പി.ആർ. ശ്രീലേഖയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളുടെ സ്ഥലംമാറ്റം രണ്ടാഴ്ചത്തേയ്ക്ക് സ്റ്റേ ചെയ്തു കൊണ്ട് പരാമർശം (2) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനാൽ ഇടുക്കി ജില്ലാ ഓഫീസിൽ നിന്നും 01/07/2019 ൽ വിടുതൽ ചെയ്യപ്പെട്ട ശ്രീമതി. ഷൈലമ്മ ജോസഫിന് കോട്ടയം ജില്ലാ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞില്ല.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ വിധിക്ക് വിധേയമായി ശ്രീമതി. ഷൈലമ്മ ജോസഫ്, റിസർച്ച് ഓഫീസറെ ഈ ഓഫീസിലെ വാർഷിക വ്യവസായിക സർവ്വെ (ASI) വിഭാഗത്തിൽ നിലവിലുള്ള ഒഴിവിൽ 02/07/2019 പൂർവ്വാഹ്നം പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
വി.രാമചന്ദ്രൻ
**ഡയറക്ടർ ജനറൽ**

ശ്രീമതി. ഷൈലമ്മ ജോസഫ്, റിസർച്ച് ഓഫീസർ

പകർപ്പ്:-
1. പ്രിൻസിപ്പൽ സെക്രട്ടറി, പി & ഇഎ (ബി) വകുപ്പ് (ആ.ക.സ)
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആ.ക.സ)
3. അഡീഷണൽ ഡയറക്ടർ, സ്റ്റേറ്റ് ഇൻകം
4. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, ജില്ല ഓഫീസ്, കോട്ടയം, ഇടുക്കി
5. ഡെപ്യൂട്ടി ഡയറക്ടർ കമ്പ്യൂട്ടർ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. അക്കൗണ്ട്സ് / ബഡ്ജറ്റ് / വിജിലൻസ് / ഗ്രഡേഷൻ
7. ഫയൽ /കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

സിസി